**ഭരണഭാഷ മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**നം.പി.എഫ്.3/114280/2018/T-DHSE** **തീയതി : 05/10/2018.**

## പരിപത്രം

വിഷയം: ഹ.സെ.വി.വ. - കേരള എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ (+2) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് - GAIN PF/IFMS - ഓൺലൈൻ സംവിധാനം - ട്രെയിനിംഗ് - സംബന്ധിച്ച്:-

സൂചന : PF3/114280/2018/T-DHSE. dated 29/09/2018 നമ്പർ ഉത്തരവ്.

05.10.2018 മുതൽ ജില്ലാ തലത്തിൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ അദ്ധ്യാപക/അനദ്ധ്യാപകർക്കായി നടത്തപ്പെടുന്ന GAIN PF/IFMS സംബന്ധമായ ട്രെയിനിംഗിൽ പങ്കെടുക്കുന്നവർക്ക് അതാതു സ്കൂൾ പ്രിൻസിപ്പൽമാർ ചുമതലപ്പെടുത്തി ഉത്തരവു നൽകണമെന്നും ബന്ധപ്പെട്ട ഉത്തരവുസഹിതം പരിശീലനത്തിൽ പങ്കെടുക്കണമെന്നും അറിയിപ്പ് നൽകിയിരുന്നെങ്കിലും അത്തരത്തിലുള്ള നിർദ്ദേശം പാലിച്ചിട്ടില്ല എന്നു കാണുന്നു. GAIN PF സോഫ്റ്റ്‌വെയർ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടി DDO എന്ന നിലയിൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രൻസിപ്പൽമാർ പാലിക്കേണ്ട ഗൗരവമേറിയ ചുമതലകൾ സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ പ്രിൻസിപ്പൽമാർ പങ്കെടുക്കാതെ മറ്റ് ജീവനക്കാരെ ചുമതലപ്പെടുത്തി അയയ്ക്കാൻ പാടില്ല എന്ന് അറിയിപ്പ് നൽകുന്നു. തുടർന്നുള്ള പരിശീലന പരിപാടികളിൽ മേൽ നിർദ്ദേശം എല്ലാ എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാരും പാലിക്കേണ്ടതും വീഴ്ച കൂടാതെ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുമാണ്.

**സീനിയർ ഫിനാൻസ് ഓഫീസർ**
**(ഡയറക്ടർക്കുവേണ്ടി)**